പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2335 **27-10-2026-ൽ മറുപടിയ്ക്ക്**

പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) കോവിഡിനെ തുടർന്ന് അടച്ചുപൂട്ടിയ പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽസ് വർഷങ്ങൾ പിന്നിട്ടിട്ടും തുറന്നുപ്രവർത്തിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിനു കീഴിലുള്ള നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന് കൈമാറിയ പ്രസ്തുത സ്ഥലം, കമ്പനി തുറന്നുപ്രവർത്തിക്കാത്ത സാഹചര്യത്തിൽ തിരിച്ചെടുക്കുന്നതിനും അവിടെ വ്യവസായ പാർക്ക് ഉൾപ്പെടെയുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഉൾപ്പെടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

മറുപടി: എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുകയും, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ നിലവിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

മറുപടി: എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുകയും, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ